(ഡി) കൊല്ലമ്പുഴ ആറാട്ട് കടവ് സംരക്ഷിക്കാൻ ഒരു നിവേദനം Major Irrigation Chief Engineer-ക്ക് നൽകിയിരുന്ന നിവേദനത്തിൻമേലുള്ള നടപടി എന്തായി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി മേജർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്നില്ല.

(ബി) തടയണകളുടെ നിർമ്മാണം, കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ അറ്റകുറ്റപ്പണികൾ, ക്രോസ് ബാറുകളുടെ നിർമ്മാണം, ഉപ്പുവെള്ളം പ്രതിരോധിക്കുന്നതിനുള്ള ഓരുമുട്ടുകൾ എന്നിങ്ങനെയുള്ള പ്രവൃത്തികൾ MI വഴി നടത്തിവരുന്നു.

(സി&ഡി) കൊല്ലമ്പുഴ ആറാട്ട് കടവിൽ അടിയന്തരമായി പാർശ്വഭിത്തി സംരക്ഷിക്കാൻ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതി

154 (2709) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി, വടശ്ശേരിക്കര-പഴവങ്ങാടി പഞ്ചായത്തുകളിലായി നടപ്പാക്കുന്ന റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര രൂപയാണ് ഇതിന്റെ നിർമ്മാണ ചെലവ് ;

(ബി) ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത്. ഈ പ്രവൃത്തി പൂർത്തീകരിക്കാൻ താമസം നേരിടുന്നത് എന്തുകൊണ്ട് ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്, ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം 4/2008-ലും രണ്ടാം ഘട്ടം 9/2012-ലും നിർമ്മാണം ആരംഭിച്ചു. പദ്ധതിയുടെ 2014 നവംബർ വരെയുള്ള നിർമ്മാണചെലവ് ഒന്നാം ഘട്ടത്തിന് 1316.30 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 819.93 ലക്ഷം രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly